**ഭരണഭാഷ - മാതൃഭാഷ**


| | |
|---|---|
| ചീഫ് എഞ്ചിനീയറുടെ കാര്യാലയം | ഫോൺ: 0471-2324951 |
| തദ്ദേശ സ്വയംഭരണ വകുപ്പ് (LID&EW) | 0471-2325071 |
| അഞ്ചാംനില, സ്വരാജ് ഭവൻ | ടെലി ഫാക്സ് - 0471-2324951 |
| നന്തൻകോട്, കവടിയാർ പി.ഒ | ഇമെയിൽ -celsgd@gmail.com |
| തിരുവനന്തപുരം - 03 | വെബ് സൈറ്റ് www.celsgd.kerala.gov.in |


**നം: ഇ 7/12587/22/സിഇ/തസ്വഭവ** **തീയതി. 16/09/2022**

**സർക്കുലർ**

വിഷയം : തസ്വഭവ- ജീവനക്കാര്യം 2023-24 സാമ്പത്തിക വർഷത്തിലെ ജീവനക്കാരുടെ ശമ്പളം മറ്റ് അലവൻസുകൾ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന : സർക്കാർ സർക്കുലർ നം. 66/2022/ധന തീയതി 29.07.2022 ഫിനാൻസ് (ബഡ്ജറ്റ് എ) വകുപ്പ്

2023-24 സാമ്പത്തിക വർഷത്തിൽ ഈ വകുപ്പിലുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനു വേണ്ടിയുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിനായി സൂചന സർക്കുലർ പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശം നൽകിയിരിക്കുന്നു. ധനകാര്യ വകുപ്പിന്റെ BMS എന്ന ഓൺലൈൻ സിസ്റ്റം മുഖേന മാത്രമെ ഈ ഓഫീസിന് മേൽ പറഞ്ഞ വിവരങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ നൽകാൻ സാധിക്കുകയുള്ളൂ എന്നതിനാൽ നിർദ്ദിഷ്ട പ്രൊഫോർമയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) എല്ലാതരം ജീവനക്കാരുടെയും 01.04.2022 ലെ പരിഷ്കരിച്ച നിരക്കിലുള്ള ശമ്പളം കണക്കിലെടുത്താണ് 2023-24 ലെ ബഡ്ജറ്റ് തയ്യാറാക്കേണ്ടത്.
2) ഓരോ കാറ്റഗറിയിലും സമാനമായ ബേയ്സിക് പേ റേഞ്ചിൽ ഉള്ള എത്ര ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ട് എന്നും അവരുടെ എച്ച്.ആർ.എ എത്രയാണെന്നും വ്യക്തമായി രേഖപ്പെടുത്തേതാണ്.
3) മുനിസിപ്പൽ കോർപ്പറേഷനുകളുടെയും, മുനിസിപ്പാലിറ്റികളിലെയും വിവരങ്ങൾ അതാത് ഡിഡിഒ മാർ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രൊഫോർമ നമ്പർ P-1189 മുഖേന രേഖപ്പെടുത്തേണ്ടതും, ഗ്രാമ പഞ്ചായത്തിലെയും ബ്ലോക്ക് പഞ്ചായത്തിലെയും വിവരങ്ങൾ അതാത് ജില്ലാ പഞ്ചായത്ത് ഡിഡിഒ മാർ ക്രോഡീകരിച്ച് രേഖപ്പെടുത്തേണ്ടതാണ്. ജില്ലകളിലെ പി.ഐ.യു വിനു കീഴിലുള്ള

LA

ജീവനക്കാരുടെ വിവരങ്ങൾ KSRRDA ചീഫ് എഞ്ചിനീയർ പ്രൊഫോമയിൽ ക്രോഡീകരിച്ച് ലഭ്യമാക്കേണ്ടതാണ്.

മേൽ സാഹചര്യത്തിൽ ഈ സർക്കുലറിനോടൊപ്പം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വളരെ ശ്രദ്ധയോടും കൃത്യതയോടുകൂടി തയ്യാറാക്കി **23.09.22 ന് 2.00 pm ന് മുമ്പ് ഈ ഓഫീസിന് നൽകേണ്ടതാണ്.** മേൽ പറഞ്ഞ കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന ഓഫീസർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിന് ശുപാർശ നൽകുന്നതായിരിക്കും എന്ന വിവരം കൂടി അറിയിക്കുന്നു.

ഉള്ളടക്കം : പ്രൊഫോർമ - I **P-1189**

ചീഫ് എഞ്ചിനീയർ

പകർപ്പ്:1)എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും (കെ.എസ്.ആർ.ആർ.ഡി.എ. തസ്വഭവ സൗത്ത് നോർത്ത് സർക്കിൾ, കോർപ്പറേഷനുകൾ)

2) എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും

3) എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മുനിസിപ്പാലിറ്റി എഞ്ചിനീയർമാർക്കും

4) എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും

5) എല്ലാ ഡി.ഡി.ഒ മാർക്കും

6) ഫിനാൻസ് ഓഫീസർ, ചീഫ് എഞ്ചിനീയർ ഓഫീസ്

7) ചീഫ് എഞ്ചിനീയരുടെ വെബ്സൈറ്റ്

8) സ്റ്റോക്ക് ഫയൽ

LA